369/est/19

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഇ17-10215/2018/സിഇ/തസ്വഭവ** **തീയതി : 11/01/2019**

# സർക്കുലർ

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP) - ജീവനക്കാരുടെ ലഭ്യമായ വിവരങ്ങൾ പരിശോധിക്കുന്നത് - സംബന്ധിച്ച്

സൂചന :
1) ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന്റെ 07.08.2018-ലെ 73/18/ധന നമ്പർ സർക്കുലർ
2) ഈ ഓഫീസിലെ 05.09.2018-ലെ ഇതേ നമ്പർ സർക്കുലർ

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട്, ടി പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും, തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചിരുന്നു. ആയതിൻ പ്രകാരം ഈ ഓഫീസിലെ സൂചന (2) സർക്കുലർ പ്രകാരം ഈ വകുപ്പിന് കീഴിലെ ജീവനക്കാരുടെ ലഭ്യമായ ആരോഗ്യ ഇൻഷുറൻസ് (MEDISEP) വിവരങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി വിവരങ്ങളിൽ ഏതെങ്കിലും വിവരങ്ങളിൽ അപാകതകൾ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.celsgd.kerala.gov.in-ന്റെ പ്രൊഫോർമ പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള "Proforma for MEDISEP" എന്ന link-ൽ view ചെയ്ത ശേഷം (ജീവനക്കാരുടെയും ആശ്രിതരുടെയും) ടി വിവരങ്ങൾ ഈ ഓഫീസിലേയ്ക്ക് celsgdmedisep@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്ക് **17.01.2019 വൈകിട്ട് 5 മണിയ്ക്ക് മുൻപായി** ലഭ്യമാക്കേണ്ടതാണ്. അങ്ങനെ ലഭ്യമാക്കിയിട്ടില്ലാ എങ്കിൽ അപാകത ഒന്നും തന്നെ ഇല്ല എന്ന അനുമാനത്തിൽ ടി വിവരം അന്തിമമാക്കുന്നതായിരിക്കും. അതിൻമേൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ടി ജീവനക്കാരുടെ നിയന്ത്രണാധികാരികൾ / ഡ്രോയിംഗ് & ഡിസ്ബേഴ്സ്മെന്റ് ഓഫീസർമാർ മാത്രമായിരിക്കും ഉത്തരവാദികൾ എന്നും അറിയിക്കുന്നു.

അപാകത ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ജീവനക്കാരന്റെ / ആശ്രിതന്റെ പേരും, PEN നമ്പരും, അപാകതയുടെ വിവരവും വ്യക്തമായി സൂചിപ്പിച്ച് ഇ-മെയിൽ ചെയ്യേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

കുറിപ്പ് : ഈ വിഷയത്തിൻമേൽ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ വകുപ്പുതല നോഡൽ ഓഫീസറെ ബന്ധപ്പെടേണ്ടതാണ്.